പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4269 — 25.06.2014 ലെ മറുപടിയ്ക്ക്

**ജെ.എ.റ്റി.എ. ഫെയറിൽ പങ്കെടുക്കുന്നതു കൊണ്ടുള്ള നേട്ടങ്ങൾ**

| ചോദ്യം<br>ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | 2013 ൽ ജപ്പാനിൽ നടത്തിയ ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് ഫെയറിൽ കേരളത്തിൽ നിന്നും ആരൊക്കെയാണ് പങ്കെടുത്തത്; | എ) | ജെ.എ.റ്റി.എ. ഫെയറിൽ ടൂറിസം വകുപ്പിനെ പ്രതിനിധീകരിച്ച് ടൂറിസം വകുപ്പ് മന്ത്രിയും ടൂറിസം സെക്രട്ടറിയും പങ്കെടുത്തു. ജയശ്രീ ടൂർസ് & ട്രാവൽസ്, കൈരളി ആയുർവേദിക് ഗ്രൂപ്പ്, പയനിയർ ഹോളിഡെയ്സ്, സ്പൈസ് ലാന്റ് ഹോളിഡെയ്സ്, ഉദയസമുദ്ര യോഗ & ബീച്ച് റിസോർട്ട് എന്നീ സ്ഥാപനങ്ങളും പങ്കാളികളായിരുന്നു. |
| ബി) | ഇതിനായി എത്ര രൂപ ചെലവഴിച്ചു; | ബി) | ഇതിനായി ആകെ 34,75,545/- രൂപ ചെലവഴിച്ചു. |
| സി) | പ്രസ്തുത ഫെയറിൽ പങ്കെടുക്കുന്നതുകൊണ്ടുള്ള നേട്ടം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | സി) | ഇന്ത്യയുടെ വിനോദസഞ്ചാര മേഖലയിൽ ജപ്പാൻ വളരെ പ്രധാനപ്പെട്ട ഒരു ഔട്ട് ബൗണ്ട് മാർക്കറ്റാണ്. കേരളത്തിലേക്ക് ജപ്പാനിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം കഴിഞ്ഞ കുറേ കാലങ്ങളായി ക്രമാനുഗതമായി വർദ്ധിച്ചു വരുന്നുണ്ട്. 2012 ൽ കേരളത്തിലേക്ക് 11422 ജാപ്പനീസ് സഞ്ചാരികൾ എത്തിയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത് 2013 ആഗസ്റ്റ് മുതൽ കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ നടപ്പിലാക്കിയ 'വിസ-ഓൺ-അറൈവൽ' സംവിധാനത്തിൽ ഉൾപ്പെട്ട രാജ്യങ്ങളിൽ ജപ്പാനുമുണ്ട്.<br><br>ജപ്പാനിൽ നിന്നുള്ള വിനോദസഞ്ചാരികളെ കേരളത്തിലേക്കു കൂടുതൽ ആകർഷിക്കുന്നതിനായുള്ള പ്രചാരണ പരിപാടികളുടെ ഭാഗമെന്ന നിലയിലാണ് ടൂറിസം മേഖലയിലെ ഇതര സ്ഥാപനങ്ങളെ കൂടി സഹകരിപ്പിച്ചു കൊണ്ട് ജെ.എ.റ്റി.എ. യിൽ പങ്കെടുക്കുന്നതിന് തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ